# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 637 — 10-03-2015-ൽ മറുപടിക്ക്

## തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽവേ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) മുമ്പ് നിർദ്ദേശിക്കപ്പെട്ട തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽവേ പദ്ധതിയുടെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) പദ്ധതിക്കായുള്ള സർവ്വേ നടപടികൾ പൂർത്തിയായോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) & (ബി) | തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽവേ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി ബന്ധപ്പെട്ട ഏജൻസിയായ ഡി.എം.ആർ.സി. ഇതുവരെ ഏകദേശം 60 ശതമാനത്തോളം സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുജന പ്രക്ഷോഭം മൂലം മുടങ്ങിപ്പോയ ശേഷിക്കുന്ന സർവ്വേ നടപടികൾ പൂർത്തീകരിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് വേണ്ട നടപടികൾ ഡി.എം.ആർ.സി. സ്വീകരിച്ച് വരുന്നു. |
| (സി) പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിക്കാവുന്ന ആകെ ചെലവ് എത്ര കോടിയാണെന്നും, എത്ര കോടി രൂപ ആകെ ഇതുവരെ ചെലവഴിച്ചുവെന്നും വിശദമാക്കുമോ ? | (സി) | 2011-ലെ കണക്ക് പ്രകാരം തിരുവനന്തപുരം കാസർഗോഡ് പാതയ്ക്ക് 1.2 ലക്ഷം കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതിയുടെ ആവശ്യത്തിനായി ഇതുവരെ 21.40 കോടി രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ